ചിരപുരാതന കാലം മുതൽ മനുഷ്യർ പലതരത്തിലുള്ള തൊപ്പികളും മറ്റു ശിരോവസ്ത്രങ്ങളും ഉപയോഗിച്ചു വന്നിട്ടുണ്ട്. അവയെപ്പറ്റി കൂടുതൽ അറിയൂ...

തൊപ്പി വിശേഷം

■ റഹ്മാൻ മധുരക്കുഴി

ലാറ്റിൻ കവി ഒവിഡ് ഒലീവ് തൊപ്പിയുമായി

ചിരപുരാതന കാലം മുതൽ മനുഷ്യർ പലതരത്തിലുള്ള തൊപ്പികളും മറ്റു ശിരോവസ്ത്രങ്ങളും ഉപയോഗിച്ചു വന്നിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയിൽ നിന്ന് സംരക്ഷണം എന്ന നിലയിലായിരുന്നു പണ്ടൊക്കെ തൊപ്പികൾ രൂപകൽപന ചെയ്തിരുന്നത്. രാജചിഹ്നമായും കുലീനതയുടെ അടയാളമായും പിന്നീട് ശിരോവസ്ത്രങ്ങൾ മാറി.

ഗ്രീക്കുകാർ കായിക താരങ്ങൾക്ക് വിജയത്തിന്റെ പ്രതീകമായി കിരീടമോ, ഒലിവ് ഇലകളുടെ കിരീടമോ നൽകുമായിരുന്നു. കാലം പിന്നിട്ടപ്പോൾ റോമാക്കാരും ഈ ആചാരം സ്വീകരിച്ചു. റോമാ ചക്രവർത്തിമാർ സ്വർണക്കിരീടം ധരിക്കാൻ തുടങ്ങി കോൺസ്റ്റന്റിൻ ഭരണകാലം മുതൽ കിരീടം രാജാധികാരത്തിന്റെ ചിഹ്നമായി മാറി.

എ.ഡി 500-ൽ നിർമിച്ച ലൊംബാർദിയിലെ കിരീടം ചാർലി മാഗൻ, ചാൾസ് അഞ്ചാമൻ, നെപ്പോളിയൻ തുടങ്ങിയ ചക്രവർത്തിമാർ ധരിച്ചുപോന്നു.

ഝാൻസിയിലെ റാണി ലക്ഷ്മിഭായി മുത്തും മാണിക്യവും പതിച്ച കസവ് പിടിപ്പിച്ച തൊപ്പി പതിവായി ധരിച്ചിരുന്നു. കുതിരപ്പുറത്ത് കയറി യുദ്ധം ചെയ്യുമ്പോഴും വാൾ വാൾപയറ്റിലും തികഞ്ഞ ഒരു അഭ്യാസിയായിരുന്ന അവർ പട്ടാളക്കാരന്റെ യൂണിഫോമും തലയിൽ തൊപ്പിയും ധരിച്ചായിരുന്നു സേനാനായികയായി പട നയിച്ചിരുന്നത്.

15-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ കുതിരപ്പ

റോമൻ ചക്രവർത്തിയുടെ കിരീടം

ഇന്ത്യയിലെ പ്രഥമ ജലവൈദ്യുത പദ്ധതി – ശിവസമുദ്രം പദ്ധതി (1902 കാവേരി നദിയിൽ)

തലപ്പാവിലെ കോവിനൂർ രത്നം

ഇന്ത്യൻ നാട്ടുരാജ്യങ്ങളിലെ രാജകുമാരൻമാർ പണ്ട് പ്രൗഢജ്ജ്വലമായ തലപ്പാവുകൾ ധരിച്ചിരുന്നു പണ്ട്. മഹാരാജാ രഞ്ജിത് സിംഗ് തന്റെ തലപ്പാവിൽ ഒരിക്കൽ കോഹിനൂർ രത്നം ഉപയോഗിച്ചിരുന്നുവത്രെ. മുഗൾ ചക്രവർത്തി മുഹമ്മദ് ഷാ കോഹിനൂർ രത്നം സ്വന്തമാക്കിയപ്പോൾ അത് തന്റെ തലപ്പാവിൽ ഒളിപ്പിച്ച്വെച്ച് നടന്നിരുന്നുവത്രെ.

നാദിർഷാ ഡൽഹി ആക്രമിച്ചപ്പോൾ ഒരു കൊട്ടാരം പരിചാരികയാണ് ഈ രഹസ്യം അയാളുടെ ചെവിയിൽ മന്ത്രിച്ചത്. പ്രസിദ്ധമായ രത്നക്കല്ല് കൈക്കലാക്കാൻ നാദിർഷാ ഉടൻ പുറപ്പെട്ടു. തോൽപ്പിക്കപ്പെട്ട മുഗൾ ചക്രവർത്തിയുമായി ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ച ശേഷം നാദിർഷാ പുരാതന സമ്പ്രദായമനുസരിച്ച് ചക്രവർത്തിമാർ സൗഹൃദത്തിന്റെ പ്രതീകമെന്ന നിലക്ക് തലപ്പാവുകൾ പരസ്പരം കൈമാറേണ്ടതുണ്ടെന്ന് മുഗൾ ചക്രവർത്തിയെ ഓർമിപ്പിച്ചു. നിസ്സഹായനായ മുഗൾ ചക്രവർത്തിക്ക് അതംഗീകരിക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ. പ്രസിദ്ധമായ കോഹിനൂർ രത്നം അങ്ങനെ അതിവിദഗ്ധമായി നാദിർഷായുടെ കൈയിൽ വന്നുചേർന്നു.

ട്ടാളക്കാരും ഫ്രാൻസിലെ തോക്കുധാരികളായ പടവീരൻമാരും വീതിയിൽ അരികുകളുള്ള തൊപ്പികളാണ് ധരിച്ചിരുന്നത്. എന്നാൽ കുതിരസവാരിക്കാർക്കും വാൾകൊണ്ട് യുദ്ധം ചെയ്യുന്നവർക്കും ഞാന്നുകിടക്കുന്ന അരികുകളുള്ള തൊപ്പികൾ ബുദ്ധിമുട്ടായി. അപ്പോൾ ഈ തൊപ്പികൾ മൂന്ന് വശങ്ങളിലേക്ക് ചരി ച്ചു വെക്കാവുന്ന ട്രിക്കോൺ തൊപ്പികൾക്ക് വഴിമാറിക്കൊടുത്തു. ഫ്രഞ്ച് പ്രഭുക്കൻമാർ ഇത് ഇരുവശങ്ങളിലേക്ക് ചരിച്ചുവെക്കാവുന്ന ബൈക്കോൺ ഹാറ്റുകളായി അതിനെ നവീകരിച്ചു. ഇവ പിന്നീട് നെപ്പോ

കോൺസ്റ്റന്റൈൻ

തൊപ്പിയും തലപ്പാവും

തൊപ്പിയും തലപ്പാവും നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. അവയുമായി ബന്ധപ്പെട്ട വാക്കുകളും പ്രയോഗങ്ങളും നമ്മുടെ നിത്യ ഭാഷാ പ്രയോഗത്തിന്റെ ഒരനുഛേദമായി മാറിയിട്ടുണ്ട്. സ്വാതന്ത്ര്യ സമര നായകൻമാരായിരുന്ന ജവഹർലാൽ നെഹ്റു, ബാബു രാജേന്ദ്ര പ്രസാദ്, മൗലാനാ ആസാദ് തുടങ്ങിയവരും ഡോ. രാധാകൃഷ്ണൻ, സ്വാമി വിവേകാനന്ദൻ, മദർ തെരേസ തുടങ്ങിയവരും ശിരോവസ്ത്രത്തിന്റെ വക്താക്കളായിരുന്നുവെന്ന് നമുക്കറിയാം.

ആരെങ്കിലും പ്രശസ്തമായി വല്ല വിജയവും നേടുകയോ പ്രത്യേക നേട്ടങ്ങൾ കൈവരിക്കുകയോ ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ തൊപ്പിയിൽ ഒരു തൂവൽകൂടി ചാർത്തപ്പെട്ടുവെന്ന് നാം പറയാറുണ്ടല്ലോ ശിരോവസ്ത്രത്തിന് സമൂഹത്തിലുള്ള സവിശേഷമായ സ്ഥാനമാണ് അതിൽ പ്രതിഫലിക്കുന്നത്.

ഇന്ത്യയിലെ ആദ്യത്തെ മുൻസിപ്പൽ കോർപ്പറേഷൻ – മദ്രാസ് (1687

ഝാൻസി റാണി

ശിരോവസ്ത്രം അറബികളിൽ

മുഹമ്മദ് നബിക്കു മുമ്പേ ശിരോവസ്ത്രം അറബികളുടെ വസ്ത്രധാരണ രീതിയുടെ ഭാഗമായി ഉണ്ടായിരുന്നു. മുഹമ്മദ് നബിയും തലപ്പാവ് ധരിച്ചിരുന്നു. കറുത്ത തലപ്പാവ് ധരിച്ചുകൊണ്ടാണ് മക്ക വിമോചന വേളയിൽ (ഫത്ഹ് മക്ക) നബി മക്കയിൽ പ്രവേശിച്ചത്.

ളിയൻ ബോണപ്പാർട്ടിന്റെ പ്രശസ്തമായ സിഗ്നേച്ചർ കേപ്പ് എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി.

മധ്യ കാലഘട്ടങ്ങളിൽ യൂറോപ്പിലെ വൈദികരും പണ്ഡിതരും ചതുരത്തൊപ്പിയാണ് ധരിച്ചിരുന്നത്. 18-ാം നൂറ്റാണ്ടിൽ ജോർജ് മൂന്നാമന്റെ കാലഘട്ടത്തിൽ ഇംഗ്ലണ്ടിലെങ്ങും വ്യാപകമായി. ഈ കൂറ്റൻ ഹാറ്റുകളുടെ നിർമിതിക്ക് വൻ സജ്ജീകരണങ്ങൾ ആവശ്യമായിരുന്നു. കമ്പിളിയുടെ കുഷ്യനിൽ ഒട്ടേറെ കൃത്രിമ പൂക്കളും റിബണും തുന്നി മോടി

ചാൾസ് അഞ്ചാമൻ (1838)

പിടിപ്പിച്ചതായിരുന്നു ഹാറ്റ്.

വലിയ തൊപ്പികൾ ധരിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് അത് ശിരസ്സുകളിൽ വൻ ഭാരമായിത്തീർന്നു. മാത്രമല്ല, ആഴ്ചകളോളം മുടി ചീകാനോ ഒന്ന് തൊടാൻ പോലുമോ കഴിയാതെയുമായി. കുതിരപ്പുറത്ത് യാത്ര ചെയ്യുമ്പോൾ കൈമുട്ടുകൾ കാൽമുട്ടുകളിൽ കുത്തി കൂനിയിരിക്കേണ്ടതായും വന്നു.

ബെല്ലിന്റെ ആകൃതിയിലുള്ള ഹാറ്റുകളായിരുന്നു സ്ത്രീകൾ ഉപയോഗിച്ചിരുന്നത്. ദബൗളർ എന്നു വിളിക്കപ്പെട്ടിരുന്ന ഡർബിത്തൊപ്പി കണ്ടുപിടിച്ചത് ഒരു ലണ്ടൻ തൊപ്പിക്കാരനായിരുന്നു. ഈ കൊച്ചു വട്ടത്തൊപ്പിയായിരുന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ ധരിച്ചിരുന്നത്.

1930 -കളിലാണ് ഉയരമുള്ള തൊപ്പികൾ പ്രചാരത്തിലായത്. അമേരിക്കൻ പ്രസിഡന്റ് അബ്രഹാം ലിങ്കൺ നീണ്ടു മെലിഞ്ഞ ആറടി നാലിഞ്ച് (6-4) ഉയരമുള്ള ഹാറ്റായിരുന്നു ഉപയോഗിച്ചിരുന്നത്.

തൊപ്പിയുടെ ആകൃതി അവ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ കാലാവസ്ഥയെയും പ്രാദേശിക സമ്പ്രദായങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ കൗബോയ്സ് ഉഷ്ണത്തിൽനിന്നു രക്ഷപ്പെടാൻ നേടുന്ന ഗോക്കോ ഹാറ്റുകളാണ് ഉപയോഗിക്കുന്നത്.

ടെർബൺ എന്നു വിളിക്കപ്പെടുന്ന തലപ്പാവാണ് മറ്റൊരു ശിരോവസ്ത്രം. സ്കാർഫ്

1929- ൽ ഗാന്ധിജി സ്ഥാപിച്ച നവജീവൻ ട്രസ്റ്റിന്റെ ആസ്ഥാനം അഹമ്മദാബാദാണ്

എന്ന അർത്ഥം വരുന്ന പേർഷ്യൻ ഡൽബൻഡിൽ നിന്നാണ് ഈ പേരിന്റെ ഉൽഭവം. ഒരു കാലത്ത് തുർക്കിയിലെ സുൽത്താൻ മൂന്ന് ക്രൗഞ്ചപ്പക്ഷി തൂവലുകളും ധാരാളം വിലപിടിച്ച കല്ലുകളും കൊണ്ടലങ്കരിച്ച തലപ്പാവ് ധരിക്കുമായിരുന്നു. ഏഷ്യ, ആഫ്രിക്ക, പശ്ചിമേഷ്യ എന്നിവിടങ്ങളിൽ തലപ്പാവുകൾ വ്യാപകമായി ഉപയോഗത്തിലുണ്ട്.

തൊപ്പി, തലപ്പാവ്, ഉത്തരീയം തുടങ്ങിയവ ശിരസ്സിൽ അണിയുന്ന സമ്പ്രദായം പല രാജ്യങ്ങളിലും സമുദായങ്ങളിലും നിലനിൽക്കുന്നു.

ഇന്ത്യ, പാക്കിസ്ഥാൻ, തുർക്കി, അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ പൊതുവെ ശിരോവസ്ത്ര സമ്പ്രദായമുണ്ട്. ഇന്ത്യയിൽ ഉത്തരേന്ത്യയിലാണ് തലപ്പാവ് അണിയുന്നവർ താരതമ്യേന കൂടുതലുള്ളത്. സിഖ് മതവിശ്വാസികളുടെ പ്രധാന ആചാരങ്ങളിൽ ഒന്നാണ് തലപ്പാവ്. വിവാഹ സന്ദർഭങ്ങളിൽ നവവരൻ തലപ്പാവ് ധരിക്കൽ ഉത്തരേന്ത്യയിലെ ചില സമുദായങ്ങൾക്കിടയിൽ നിർബന്ധമാണ്.

ആചാരപരമായി തലപ്പാവ് ധരിക്കുന്ന ശൈലി ദക്ഷിണേന്ത്യയിലെ ബ്രാഹ്മണ സമൂഹത്തിലും കാണാം. അയ്യങ്കാർ വിഭാഗത്തിന് തലപ്പാവ് അനുപേക്ഷണീയമായ വേഷവിധാനമാണ്. മുഗൾ രാജാക്കന്മാർ മനോഹരമായ തലപ്പാവുകൾ ധരിച്ചിരുന്നു. രജപുത്ര രാജാക്കൻമാരും പലതരം തലപ്പാവുകൾ ധരിക്കുക പതിവായിരുന്നു.

കഥാസാരം

റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലിലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിന് വേണ്ടി അവരാദ്യം ലഡാക്കിലേക്ക് പോയി. അവിടെ അവരെ സഹായിക്കാൻ കേണൽ പുട്ടിറ്റോയുണ്ടായിരുന്നു. പുട്ടിറ്റോ ഷെപ്പാറിന്റെ മാപ്പ് കാണിച്ചു കൊടുത്തു. അങ്ങനെ പൂച്ചപ്പോലീസും ശുനകും ഷെപ്പാറിലെത്തി. അവരെ ആരെക്കെയോ പിടിച്ചുകൊണ്ടുപോയി. ഷെപ്പാർ ഗ്രാമവാസികളെ ഭയന്ന് കഴിയുന്ന ജലാജികളായിരുന്നു അവർ. രണ്ടുപേർ വന്ന് കുട്ടിയെ തട്ടിക്കൊണ്ടുപോയെന്ന് അവർ പറഞ്ഞു. ജഗൻജിത്തും പ്രൊഫസർ പ്യാരീബാലുമാണതെന്ന് ജലാജികൾ ചിത്രം കണ്ട് തിരിച്ചറിഞ്ഞു. ആ ബാലികയെ നദീദേവന് ബലി നൽകാൻ പോവുകയാണെന്ന വിവരം അവർ അറിഞ്ഞു. അവളെ രക്ഷിക്കാൻ പൂച്ചപ്പോലീസും ശുനകും പുറപ്പെട്ടു. അപ്പോൾ ദൈവനിഷേധികളായ ജറൂലികൾ കുറച്ചപ്പുറത്ത് തമ്പടിക്കുന്നത് അവർ കണ്ടു. പ്രധാന സാധനങ്ങളുള്ള ബാഗ് പൂച്ചപ്പോലീസ് കബൂത്തറിന്റെ കൈയിൽ കൊടുത്തു. ശേഷം പൂച്ചപ്പോലീസും ശുനകും മുന്നോട്ട് നടന്നു. പെട്ടെന്ന് ജറൂലികൾ അവരെ തടഞ്ഞു.പൂച്ചപ്പോലീസിന്റെ ബാഗ് തട്ടിയെടുക്കാൻ ശ്രമിച്ചു. ഗിർ സാവിഞ്ചാദിനെ മല്ലയുദ്ധത്തിൽ തോൽപിച്ചാൽ മാത്രമേ ബാഗ് നിങ്ങൾക്ക് കിട്ടൂ എന്നവർ പറഞ്ഞു. ശുനകിനെ തോൽപിച്ച് അവർ സഞ്ചിയുമായി കടന്ന് കളഞ്ഞു. ക്ഷീണം കൊണ്ട് പൂച്ചപ്പോലീസും ശുനകും മരച്ചുവട്ടിൽ കിടന്ന് ഉറങ്ങിപ്പോയി. പെട്ടെന്ന് അവർക്ക് നേരെ ഒരമ്പ് പാഞ്ഞു വന്നു. അവരെ പിടികൂടി മൂപ്പന്റെ അടുക്കലെത്തിച്ചു. ഷെപ്പാർ ഗ്രാമത്തിൽ വരൾച്ച ഇല്ലാതാക്കാൻ ഒരു നേർച്ചക്കുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. പട്ടണക്കാരെ സൂക്ഷിക്കണമെന്ന് പറഞ്ഞ് അപ്പോൾ അവിടുത്തെ പ്രധാന മന്ത്രവാദി കാഹിൽ വന്നു. അവരെ നിരീക്ഷിക്കാൻ ഗിർവിഞ്ചാദിനേയും കൂട്ടരേയും ഏർപ്പാടാക്കി. കുമ്പാലു പൂച്ചപ്പോലീസിനെയും ശുനകിനേയും ഗ്രാമത്തിലെ കാഴ്ചകൾ കാണിച്ചു കൊടുത്തു. അവിടത്തെ വരൾച്ച മാറാനാണ് പെൺകുട്ടിയെ ബലി കൊടുക്കുന്നതെന്ന് കുമ്പാലു പറഞ്ഞു. പെൺകുട്ടിയെ കാണാൻ പറ്റില്ലെന്ന് കാഹിൽ പൂച്ചപ്പോലീസിനോട് ആക്രോശിച്ചു. ഇനി എന്തു ചെയ്യുമെന്ന് പൂച്ചപ്പോലീസും ശുനകും കൂടിയാലോചിച്ചു. അവർ കപൂത്തറിന്റെ അടുത്തെത്തി നേരത്തെ ഏൽപ്പിച്ച ബാഗ് വാങ്ങി. ഒരു വയർലെസ്സ് ഉപകരണം കോളാമ്പിയിൽ ഒളിപ്പിച്ച് വെച്ച് നദീദേവന് സമർപ്പിക്കാൻ തങ്ങളുടെ വകയാണെന്നും പറഞ്ഞ് ഒരു ബാലികക്ക് നൽകി. അത് നദീദേവന്റെ പ്രതിമക്ക് മുമ്പിൽ വെക്കണം എന്ന് പറഞ്ഞു. ബലി വേണ്ടതില്ല എന്ന് അതിലൂടെ ഉറക്കെ വിളിച്ച് പറഞ്ഞ് പ്രശ്നം ലളിതമായി തീർക്കാനായിരുന്നു അവരുടെ പ്ലാൻ. ബാലികയെ ബലി നൽകുന്നതിൽ വിഘ്നമുണ്ടോ നദീദേവാ എന്ന് കുമ്പാലു വിളിച്ച് ചോദിച്ചപ്പോൾ വിഘ്നമുണ്ട് എന്ന് വയർലസ്സിലൂടെ അവർ വിളിച്ച് പറഞ്ഞു. ബലി ആവശ്യമില്ലെന്നു കൂടി പറയാനായിരുന്നു അവർ ആഗ്രഹിച്ചത്. പക്ഷെ അപ്പോഴേക്കും കണക്ഷൻ കട്ടായി. ഏഴ് ദിവസങ്ങൾക്ക് കുട്ടിയെ ബലി നൽകാൻ കാഹിൽ തീരുമാനിച്ചു. കൂട്ടിലകപ്പെട്ട ബാലികയെ പൂച്ചപ്പോലീസും ശുനകും കണ്ടു. കുട്ടിയെ തട്ടിക്കൊണ്ടു പോകാൻ മൂന്നാമതൊരാൾ കൂടി അവിടെ വന്നിരുന്നു എന്ന് കുമ്പാലു പറഞ്ഞു. കേണൽ പുട്ടിറ്റോക്ക് പൂച്ചപ്പോലീസ് ഒരു സന്ദേശമെഴുതി, ഇനി ഇതെങ്ങനെ എത്തിക്കും എന്ന ആലോചനയായി.

തന്റെ ദർശനങ്ങളെ പറ്റി ഗാന്ധിജി പുസ്തകരൂപത്തിലെഴുതിയ ഏക ഗ്രന്ഥം– ഹിന്ദ് സ്വരാജ്